ശ്രീ. ആർ. എസ്സ്. ഉണ്ണി: പ്രോവിഡണ്ടുഫണ്ടിന്റെ ക്രമമായി ഈടാക്കുന്നതിനും ഇങ്ങോരുന്ന തുകയുടെ കണക്കുകൾ പരിശോധിക്കാനും പ്രത്യേക ഏർപ്പാടു ചെയ്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതിനുമുൻപുണ്ടായിരുന്ന ചട്ടപ്രകാരം ചില കണക്കുകൾ വല്ലണമെന്നു വ്യവസ്ഥയുണ്ടായിരുന്നു. അതിൽനിന്നു വ്യത്യസ്തമായി, മുൻപില്ലാത്ത എന്തു് ഏർപ്പാടാണു് ഇപ്പോൾ ചെയ്തിട്ടുള്ളതു്?

ശ്രീ. മത്തായിമാഞ്ഞൂരാൻ: ഓരോ സ്ഥലത്തുനിന്നും കൃത്യമായി കണക്കുകൾ അയയ്ക്കാതിരിക്കുന്നതുകൊണ്ടു്, സമയാസമയങ്ങളിൽ കണക്കുകൾ കിട്ടാത്തതുകൊണ്ടു് പ്രോവിഡന്റു് ഫണ്ടു് കമ്മീഷണർക്കു് ശരിയായ സ്ഥിതിവിവരം രേഖപ്പെടുത്തി സൂക്ഷിക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ തവണ മുടക്കുന്നതായാൽ 25 ശതമാനം പിഴചുമത്തി മെമ്പറായ ഉടനെ അയയ്ക്കണം. അതിന്മേൽ നടപടി സ്വീകരിക്കാനാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്.

ശ്രീ. എൻ. കെ. ശേഷൻ: പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങൾ എത്ര കാലത്തിനകം ഈ സ്കീം അംഗീകരിക്കണമെന്നു് വ്യവസ്ഥയുണ്ടോ? അതു പാലിക്കാത്ത മുതലാളിമാരുണ്ടോ?

ശ്രീ. മത്തായിമാഞ്ഞൂരാൻ: നോട്ടീസുവേണം.

* 238. [842] **Shri. S. P. Luiz:** Will the Revenue Minister be pleased to state:

(a) How many lotteries have been conducted by the State Government;

(b) What is the net profit to the State by the conduct of these lotteries ?

Revenue Minister (**Smt. K. R. Gouri**):

(a) 14 lotteries so far.

(b) About Rs. 2.5 crores.

Shri. S. P. Luiz: During the recent months there has been a steady decline in the sale of these lottery tickets. What is the reason for that ?

ശ്രീമതി. കെ. ആർ. ഗൗരി: കുറച്ചു കുറവാണെന്നാണു് കാണുന്നതു്. കഴിഞ്ഞ രണ്ടുമൂന്നു ലോട്ടറികളിൽ അല്പം കുറവുണ്ടായിട്ടുണ്ടെന്നു കാണുന്നു.

ശ്രീ. ഇ. അഹമ്മദു്: ഇതുവരെയുള്ള ലോട്ടറികളിൽ ഏതിനെങ്കിലും പ്രൈസു കിട്ടേണ്ടവർക്കു് കൊടുക്കാതെയുണ്ടോ?

ശ്രീമതി. കെ. ആർ. ഗൗരി: ഇന്നലെ ഒരാൾ അങ്ങനെയൊരു പരാതിയുമായി വരികയുണ്ടായി. അതു ശരിയണോ എന്നു പരിശോധിക്കാൻ കഴിഞ്ഞില്ല.

ശ്രീ. പി. മാധവൻനായർ: രണ്ടുകോടിയിൽ ചിലപ്പോൾ ശുപാ ലോട്ടറിയിൽനിന്നു അറുപതുലക്ഷം കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. ഈ തുക മറ്റേതെങ്കിലും ആവശ്യങ്ങൾക്കു വിനിയോഗിക്കാൻ ഗവണ്മെന്റു് തീരുമാനിച്ചിട്ടുണ്ടോ; തീരുമാനിച്ചിട്ടില്ലെങ്കിൽ ഈ രണ്ടു കോടിയിൽ ചിലപ്പോൾ ശുപാ നമ്മുടെ രാജ്യത്തെ തൊഴിലില്ലാത്തവർക്കു് തൊഴിലില്ലായ്മ വേതനം കൊടുക്കാൻ വിനിയോഗിക്കാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. കെ. ആർ. ഗൗരി: ആദ്യം ഇതു സംബന്ധിച്ച ഒരു തീരുമാനം എടുത്തിരുന്നതു്, ഇതിൽനിന്നുണ്ടാകുന്ന പണം സോഷ്യൽ Welfare എന്നുള്ള നിലയിൽ, വിദ്യാഭ്യാസം, സോഷ്യൽവെൽഫെയർ, പബ്ലിക്ഹെൽത്തു് എന്നിങ്ങനെയുള്ള കാര്യങ്ങൾക്കായി വിനിയോഗിക്കണം എന്നായിരുന്നു. അതു കഴിഞ്ഞിട്ടു് നമ്മുടെ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്കായി ഇതിൽനിന്നുണ്ടാകുന്ന തുക വിനിയോഗിക്കണമെന്നുള്ള നിലയിൽ പൊതുവരവിൽ വരവുവച്ചു് വികസന പരിപാടികൾക്കു് ചിലവാക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. പി. എസ്. നമ്പൂതിരി: നമ്മുടെ സംസ്ഥാനത്തെ ലോട്ടറിടിക്കറ്റുകൾ മറ്റേതെങ്കിലും സംസ്ഥാനത്തു് വില്പനനടത്തരുതെന്ന കല്പനയുണ്ടായിട്ടുണ്ടോ?

ശ്രീമതി. കെ. ആർ. ഗൗരി: മഹാരാഷ്ട്രയിലും വേറെ ഏതോ സംസ്ഥാനത്തും അങ്ങനെ ടിക്കറ്റു വിൽക്കരുതെന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെ കല്പനയുണ്ടായാൽ അവിടെ ഏജൻസി കൊടുക്കാൻ സാധിക്കുകയില്ല. അവർ ഇവിടെ വിൽക്കുന്ന ടിക്കറ്റുകൾ ഇവിടെയും വിൽക്കരുതെന്നു ഏർപ്പാടുചെയ്യാനെ ഈ കാര്യത്തിൽ ചെയ്യാൻ പറ്റൂ.

ശ്രീ. ഒ. കോരൻ: നമ്മുടെ സംസ്ഥാനത്താണു് ആദ്യം ലോട്ടറി ആരംഭിച്ചതു്. അതിനുശേഷം തുടങ്ങിയ പഞ്ചാബിലും ഹരിയാനയിലും മറ്റും പ്രൈസു് 5 ലക്ഷവും 6 ലക്ഷവുമാക്കിയിരിക്കുകയാണു്. നമ്മുടെ ലോട്ടറിയുടെ പ്രൈസിന്റെ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി. കെ. ആർ. ഗൗരി: ആലോചിക്കാതെ മറുപടി പറയാൻ സാധ്യമല്ല, സക്കർ പണത്തിന്റെ പ്രശ്നമാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: ഇവിടെ ടിക്കറ്റു അച്ചടിക്കുന്നതു് നല്ല രീതിയിലും ക്രമമായിട്ടും അല്ലെന്ന പരാതിയുള്ളതിന്റെ അടിസ്ഥാനത്തിൽ, നല്ല രീതിയിലും, ക്രമത്തിലും സുരക്ഷിതമായി ടിക്കറ്റു അച്ചടിക്കുന്നകാര്യം ആലോചിച്ചിട്ടുണ്ടോ, അതിനു് ഏർപ്പാടുചെയ്യുമോ?

ശ്രീമതി. കെ. ആർ. ഗൗരി: തമിഴ്നാട്ടിലെ ഒരു പ്രസ്സിലാണു് ടിക്കറ്റു അച്ചടിച്ചുകൊണ്ടിരുന്നതു്. അടുത്തകാലത്തു് സെക്യൂരിറ്റി പ്രസ്സു് വാങ്ങിയിട്ടുണ്ടു്. ആ പ്രസ്സു് വേണ്ടവിധത്തിൽ പരിഷ്കരിച്ചു ഒരു സെക്യൂരിറ്റി പ്രസ്സാക്കി ടിക്കറ്റുകൾ അതിൽ അച്ചടിക്കാമോ എന്നു പരിശോധിക്കുകയാണു്. അതിനു പറ്റിയവിധത്തിൽ പുതിയ പാർട്ടുകൾ വേണമോ, എന്തെല്ലാം മാറ്റംവരുത്തണം എന്നു പരിശോധിക്കാൻ ജർമ്മൻ എൻജിനീയർമാരോടു ചോദിച്ചിട്ടുണ്ടു്. ആവശ്യമുള്ള മാറ്റങ്ങൾവരുത്തി അതു് ഒരു ചെറിയ സെക്യൂരിറ്റി പ്രസ്സായി ഉപയോഗിക്കാൻ തീരുമാനിച്ചു അതിനാവശ്യമായ നടപടികൾ നീങ്ങുകയാണു്.

WRITTEN ANSWERS

മാതൃഭാഷ, ഇംഗ്ലീഷു്, ഹിന്ദി എന്നിവയുടെ ബോധനം

* 239 [848] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷ, ഇംഗ്ലീഷു്, ഹിന്ദി എന്നിവയുടെ ബോധനം സ്കൂളുകളിൽ ആരംഭിക്കേണ്ട ഘട്ടങ്ങളെസംബന്ധിച്ചു സംസ്ഥാനവിദ്യാഭ്യാസ ഉപദേശകബോർഡു് വല്ല ശുപാർശകളും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്താണു്;

(സി) എന്നുമുതൽ ഇതു് നടപ്പിലാക്കുന്നതിനാണു് ഉദ്ദേശിക്കുന്നതു്?